## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1091 | | | 30.09.2016-ൽ മറുപടിയ്ക്ക് |
|---|---|---|---|
| **മാലിന്യങ്ങളുടെ സംസ്കരണം** | | | |
| **ചോദ്യം** | | | **ഉത്തരം** |
| **ശ്രീ.വി.കെ.സി.മമ്മത് കോയ** | | | **ശ്രീ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** |
| (എ) | സംസ്ഥാനത്തെ ചെറുതും വലുതുമായ ഹോട്ടലുകളും ആശുപത്രികളും ഉത്പാദിപ്പിക്കുന്ന മാലിന്യങ്ങൾ സംസ്കരിക്കുന്നതു സംബന്ധിച്ച് നിലവിലുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ; | (എ) | ആശുപത്രികളിലെ ഖര മാലിന്യങ്ങൾ സംസ്കരിക്കുന്നിനായി 2016 ലെ ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ നിലവിലുണ്ട്. ഐ.എം.എയുടെ ഭാഗമായ ഇമേജ് എന്ന സ്ഥാപനം സാങ്കേതികമികവ് ഉറപ്പാക്കിയ ഇൻസിനറേറ്ററിൽ മാലിന്യം സംസ്കരിച്ചുവരുന്നു. ആശുപത്രികളിലും, ഹോട്ടലുകളിലും, ഉണ്ടാകുന്ന മാലിന്യങ്ങൾ ഉറവിട സ്ഥലത്തു വച്ചുതന്നെ ജൈവ-ജൈവേതര മാലിന്യങ്ങളായി തരംതിരിച്ച് സൂക്ഷിക്കേണ്ടതും മതിയായ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതുമാണ്. തരംതിരിച്ച ജൈവമാലിന്യങ്ങൾ മലിനീകരണം ഉണ്ടാകാത്ത വിധത്തിലും അത്തരം മാലിന്യങ്ങളുടെ ഉറവിട സ്ഥലത്തുതന്നെയോ സെക്രട്ടറിയുടെ രേഖാമൂലമുള്ള അനുവാദത്തോടുകൂടി അങ്ങനെയുള്ള ആളുടെ ഉടമസ്ഥതയിലുള്ള സമീപപ്രദേശത്തുള്ള സ്ഥലത്തോ ഉപയോഗയുക്തമായ രീതിയിൽ സംസ്കരിച്ച് നിർമ്മാർജ്ജനം ചെയ്യേതും ഈ ആവശ്യത്തിനായി സ്ഥലപരിമിതിയുള്ള പക്ഷം അത്തരം മാലിന്യസംസ്കരണം മുനിസിപ്പാലിറ്റി മുഖേനയോ സർക്കാർ അംഗീകാരമുള്ള മാലിന്യ സംസ്കരണ ഏജൻസികൾ മുഖേനയോ ഉറപ്പ് വരുത്തുന്നതിനായി മാലിന്യത്തിന്റെ അളവ്, തരം എന്നിവയ്ക്കനുസൃതമായി നിർണ്ണയിക്കപ്പെടാവുന്ന ഫീസ് നൽകേണ്ടതുമാണ്. അജൈവമാലിന്യങ്ങൾ തരംതിരിച്ച് സൂക്ഷിക്കേണ്ടതും ഉത്പാദകരുമായോ വിതരണക്കാരുമായോ കരാറിലേർ പ്പെടേണ്ടതുമാണ്. അല്ലാത്ത പക്ഷം ഇതിലേക്കായി നിർണയിക്കുന്ന ഫീസ് ഒടുക്കേണ്ടിവരും. |
| (ബി) | ഇവ സംസ്കരിക്കുവാൻ കരാറെടുക്കുന്നവർ പൊതു സ്ഥലങ്ങളിലും പാതയോരങ്ങളിലും മാലിന്യം തള്ളുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ഇത് തടയുന്നതിന് ഇത്തരം സ്ഥാപനങ്ങൾ മാലിന്യം സംസ്കരിക്കുന്ന രീതി പരിശോധിക്കാനും അംഗീകാരം നൽകാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകുമോ; | (സി) | 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 344, 334 പ്രകാരവും കേരള പഞ്ചായത്ത് രാജ് ആക്ട് 219 (എസ് മുതൽ യു) പ്രകാരവും നിലവിൽ പരിശോധന നടത്തുവാനും അവർക്കെതിരെ നടപടി സ്വീകരിക്കുവാൻ അധികാരമുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഇത്തരം സ്ഥാപനങ്ങളെ സോഷ്യൽ ഓഡിറ്റ് ഉൾപ്പെടെയുള്ള പരിശോധനയ്ക്ക് വിധേയമാക്കുമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ